ഈ ആനുകൂല്യം നൽകണമെന്ന് സർക്കാരിന് ഉദ്ദേശമില്ല. ഈ ബില്ല് പാസ്സാക്കിത്തരണമെന്ന് ഞാൻ ബഹുമാനപ്പെട്ട സഭയോട് അഭ്യർത്ഥിക്കുന്നു.

1986-ലെ കേരള കാർഷിക സർവ്വകലാശാലാ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘം (ഭേദഗതി) ബിൽ

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1986-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘം ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ഞാൻ അതിനെ പിൻതാങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. എഫ്. തോമസ്)

Sri. P.K. Kunhalikutty: Sir, I move that the Kerala Fishermen Welfare Societies (Amendment) bill, 1986 as reported by the Subject Committee be circulated for obtaining public opinion.

ഇവിടെ നേരത്തെ പ്രതിപക്ഷങ്ങളും ചില കാര്യങ്ങളൊക്കെ പറയുകയുണ്ടായി. കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്ക് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള കാര്യങ്ങൾ എടുത്തുകാണിക്കേണ്ട ഒരു കാര്യമാണ്. ഈ ഗവൺമെന്റിനെ കഴിഞ്ഞകാലങ്ങളിൽ പ്രതിപക്ഷം വിമർശിച്ചതിന് യഥാർത്ഥ മറുപടി ഈ ഗവൺമെന്റിന്റെ കയ്യിലുണ്ട്. ആ കാര്യങ്ങൾ ഞങ്ങൾ ആവർത്തിച്ച് ഇവിടെ വ്യക്തമാക്കിയതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന ആളുകൾക്കുവേണ്ടി, മൽസ്യത്തൊഴിലാളികൾക്കുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ ഇവിടെ ഭരിച്ച ഗവൺമെന്റുകളിൽ നിന്നൊക്കെ വളരെ വ്യത്യസ്തമായി വളരെ ഭാവനയോടുകൂടി ഒരു നയം സ്വീകരിക്കുകയും അവരുടെ ക്ഷേമത്തിനുവേണ്ടി വളരെ നല്ലനിലയിൽ പ്രവർത്തിക്കുകയും ചെയ്ത ഒരു ഗവൺമെന്റാണിത്. കഴിഞ്ഞകാലങ്ങളിലൊക്കെ ഇവിടെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ഭരിച്ചിട്ടുണ്ട്. അപ്പോഴൊക്കെ പാവങ്ങളുടെ ഗവൺമെന്റാണ്, ജീവിതത്തിൽ വളരെയധികം പിന്നോക്കം നിൽക്കുന്ന ആളുകൾക്കുവേണ്ടി ധാരാളം പ്രവർത്തിക്കുന്നവരാണ് എന്നൊക്കെ അവർ പറഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ കടലോരങ്ങളിൽ ജീവിക്കുന്ന മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും ചെയ്യാൻ അവർക്കു കഴിഞ്ഞിട്ടില്ല. നേരേമറിച്ച് ഈ ഗവൺമെന്റ് വന്നതിനു ശേഷം ഗ്രാമസംഘങ്ങളുണ്ടാക്കി, മൽസ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തി, മാത്രമല്ല, ആ വകുപ്പിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ദീർഘകാലം ആ വകുപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏറ്റെടുത്തുകൊണ്ട് മൽസ്യത്തൊഴിലാളികളുടെ ജീവിതത്തിൽ കാര്യമായ മാറ്റം വരുത്തുകയുണ്ടായി. ഇപ്പോൾ പ്രതിപക്ഷം ഈ ഗവൺമെന്റിനെ വിമർശിക്കുന്നത് എന്തു കാര്യങ്ങളിലാണെന്ന് നോക്കേണ്ടതുണ്ട്. ഒരു നിയമസഭ നല്ല നിലയിൽ നടന്നാൽ, ആ നിയമസഭയിൽ, ഈ ഗവൺമെന്റിന് പറയാനുള്ള കാര്യങ്ങൾ പറഞ്ഞാൽ, പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം പിടിച്ചുനിൽക്കാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എം. ഹസ്സൻ: സർ, ഒരു നിയമസഭാ സമ്മേളനത്തിൽ ഏറ്റവും കൂടുതൽ പ്രയോജനം കിട്ടുന്നത് പ്രതിപക്ഷത്തിനാണ്. പ്രതിപക്ഷത്തിന് ഗവൺമെന്റിനെതിരായി പലതും പറയാൻ കിട്ടുന്ന ഒരവസരമാണ് നിയമസഭാ സമ്മേളനം. ആ അവസരം ഒട്ടും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുകയില്ല എന്നുള്ള പരാജയബോധം കൊണ്ടാണ് അവർ ഇവിടെനിന്നും വാക്കൗട്ട് നടത്തിയത് എന്നുള്ള കാര്യം അങ്ങേക്കറിയാമോ?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സർ, അതാണ് ഞാൻ പറഞ്ഞു വരുന്നത്. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിനെ വിമർശിക്കുന്നത് ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ നോക്കിയാണ്. ഇവിടെയുള്ള വീക്കർ സെക്ഷനുവേണ്ടി എന്തുചെയ്തു? വികസന രംഗത്ത് എന്തുചെയ്തു? ഇതൊക്കെ നോക്കും. അങ്ങനെ നോക്കുമ്പോൾ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെപ്പറ്റി ഇപ്പോൾ ഒരു കുറവും അവർക്കും പറയാൻ സാദ്ധ്യമല്ല. സാമൂഹ്യ വികസന വകുപ്പ് ഗ്രാമങ്ങൾതോറും നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളും, ഹരിജനങ്ങൾക്കുവേണ്ടി നടപ്പിലാക്കിയ കാര്യങ്ങളുമെല്ലാം നമ്മുടെ രാജ്യത്തിനുമുഴുവൻ മാതൃകയായിത്തീർന്നിരിക്കുകയാണ്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുകയാണെങ്കിൽ നമ്മുടെ സംസ്ഥാനം സെൻട്രൽ സ്കീമുകൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഒന്നാം സ്ഥാനത്തു നിൽക്കുകയാണ്. അതുപോലെ മൽസ്യത്തൊഴിലാളികളുടെ കാര്യം ഞാൻ നേരത്തെ പറഞ്ഞു. ഈ ഗവൺമെന്റ് പാവപ്പെട്ട ആളുകൾക്കുവേണ്ടി, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളുകൾക്കുവേണ്ടി ധാരാളം പ്രവർത്തിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റിനെ വിമർശിക്കുവാനുള്ള ആയുധങ്ങൾ പ്രതിപക്ഷത്തിന്റെ കയ്യിലില്ല. നിയമസഭാ സമ്മേളനം നടക്കുമ്പോൾ ഭരണപക്ഷത്തുള്ള മന്ത്രിമാരും മറ്റു ബന്ധപ്പെട്ട ആളുകളും ഇക്കാര്യങ്ങൾ നിരത്തിനിരത്തി വയ്ക്കുമ്പോൾ, ഗവൺമെന്റിന്റെ നേട്ടങ്ങൾ നിരത്തി വയ്ക്കുമ്പോൾ അതിനെതിരായി ഒന്നും പറയാനില്ലാത്തതുകൊണ്ടാണ് ഓരോ സമ്മേളനങ്ങളിലും പത്രങ്ങളിൽ വരുന്ന ഓരോ വാർത്തയും എടുത്തു വിമർശിക്കുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഒരു ചെറിയ കാര്യത്തെച്ചൊല്ലി ആ സമ്മേളനം മുഴുവൻ വിവാദങ്ങളുണ്ടാക്കി. അതുപോലെ മറെറാരു നിയമസഭാസമ്മേളനത്തിലും പത്രത്തിൽവന്ന ഒരു വാർത്തയുടെ പേരിൽ വളരെയധികം വിവാദങ്ങളുണ്ടാക്കി. അവസാനം ഇപ്പോൾ ഈ നിയമസഭാ സമ്മേളനത്തിൽ ഹൈക്കോടതിയുടെ പരാമർശമെടുത്തിട്ട് സമ്മേളനം മുഴുവൻ അലങ്കോലപ്പെടുത്തി, വികൃതമാക്കി നിയമസഭാ സാമാജികൻമാർക്കുതന്നെ വളരെയധികം അപവാദകരമായ രീതിയിൽ, നിങ്ങൾ 'അങ്ങോട്ടുപോകുന്നത് ഇതിനാണോ, എന്ന്' ജനങ്ങൾതന്നെ ചോദിക്കുന്ന ഒരു സ്ഥിതി വിശേഷമുണ്ടാകത്തക്കരീതിയിൽ ഇവിടെ അവർ പ്രവർത്തിക്കുകയുണ്ടായി. ഇക്കാര്യത്തിൽ പ്രതിഷേധിക്കണമെങ്കിൽ മറ്റു എന്തെല്ലാം മാർഗ്ഗങ്ങളുണ്ടായിരുന്നു. മൂന്നുനാലു ദിവസങ്ങൾ ഈ നിയമസഭയുടെ പ്രവർത്തനങ്ങൾ മുഴുവൻ തടസ്സപ്പെടുത്തുകയും, അവസാനം ഒന്നു രണ്ടു ദിവസങ്ങൾ ബാക്കിയുള്ളപ്പോൾ, ഇനി മറെറാന്നും പറയാനില്ല, ഇനി മറെറാന്നും ചെയ്യാനില്ല എന്നു മനസ്സിലാക്കി, ഇനി ഇതിൽ നിന്നും രക്ഷപെടുകയാണ് നല്ലതെന്ന് മനസ്സിലാക്കി ഒരു സ്റ്റേറ്റ്മെൻറും ഇറക്കി ഇറങ്ങിപ്പോകുകയാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടുതന്നെയാണ്. ഈ ഗവൺമെൻറിന് ശുഭാപ്തിവിശ്വാസമുള്ളത്. ഈ ഗവൺമെൻറുതന്നെ തിരിച്ച് അധികാരത്തിൽ വരുമെന്നു പറയുന്നതിൻറെ കാരണവുമിതാണ്. ഇന്നൊന്നും ജനങ്ങളിൽ ഏശുന്ന കാര്യമല്ല, ഇതൊന്നും ജനങ്ങളുമായി ബന്ധമുള്ള കാര്യമല്ല. ജനങ്ങൾ നോക്കുന്നത് പ്രാദേശികമായി എന്തെല്ലാം നേട്ടങ്ങളുണ്ടായി എന്നാണ്. പ്രാദേശികമായി എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടന്നു, വിവിധ ജനവിഭാഗങ്ങൾക്ക് എന്തെല്ലാം നേട്ടങ്ങളുണ്ടായി എന്നാണ് ജനങ്ങൾ നോക്കുന്നത്. അക്കാര്യങ്ങളിൽ ഞങ്ങൾക്ക് ശുഭാപ്തി വിശ്വാസമുണ്ട്. അനുദിനം വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ, അനുദിനം വന്നുകൊണ്ടിരിക്കുന്ന പൊടിപ്പും തൊങ്ങലും വച്ച കഥകൾ, ഇതൊക്കെ ഓരോരോ ദിവസങ്ങളിൽ വായിച്ചു പോകാമെന്നല്ലാതെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അതൊന്നും പ്രശ്നമല്ല. ജനങ്ങൾ ഈ ഗവൺമെൻറിനെ വിലയിരുത്തുന്നത് ഗവൺമെൻറിൻറെ പ്രവർത്തനങ്ങൾ നോക്കിയാണ്. ആ നിലയിൽ കേരളത്തിൽ ഇന്നു ഭരിച്ചുകൊണ്ടിരിക്കുന്ന ശ്രീ. കെ. കരുണാകരൻറെ നേതൃത്വത്തിലുള്ള ഗവൺമെൻറ് കേരളപ്പിറവിക്കുശേഷമുണ്ടായ ഗവൺമെൻറുകളുമായി താരതമ്യപ്പെടുത്തിയാൽ ഏറ്റവും നല്ല പ്രവർത്തനങ്ങൾ കാഴ്ചവച്ച ഒരു ഗവൺമെൻറാണ് എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല.

സർ, ഈ ബില്ലിനെക്കുറിച്ച് എനിക്ക് ഒരു കാര്യംകൂടി പറയാനുണ്ട്. മൽസ്യത്തൊഴിലാളികളുടെ കാര്യം മാത്രമെടുത്ത് പരിശോധിച്ചാൽ ഇത് കാണുവാൻ സാധിക്കും. ഇവിടെ ജനാധിപത്യത്തെക്കുറിച്ച് പറയുന്നു. ജനപ്രതിനിധികൾ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനെക്കുറിച്ച് പറയുന്നു. സർ, ഫലപ്രദമായ പ്രവർത്തനങ്ങൾ ഉണ്ടാകത്തക്കരീതിയിൽ ഈ രംഗത്ത് മാറ്റങ്ങൾ വരുത്തിയത് ഈ ഗവൺമെൻറാണ്. അതുപോലെതന്നെ എടുത്തു പറയാവുന്ന മറ്റ് പല കാര്യങ്ങളുമുണ്ട്. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളമുള്ള ശുഭാപ്തിവിശ്വാസമതാണ്. അതാണ് ഞങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത് ഈ ഗവൺമെൻറ് 5 കൊല്ലം പൂർത്തിയാക്കിയതിനുശേഷം തിരിച്ച് അധികാരത്തിൽ വരുമെന്ന് പറയുന്നതിൻറെ അടിസ്ഥാനം വെറുമൊരു രാഷ്ട്രീയ വെല്ലുവിളിയല്ലെന്ന്. വെറും രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി പറയുന്നതല്ല. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം തങ്ങൾ തിരിച്ച് അധികാരത്തിൽ വരികയില്ലെന്ന് അവരുടെ ബോദ്ധ്യത്തിന് കാരണവും ഇതുതന്നെയാണ്. വിവിധ ജനവിഭാഗങ്ങൾ ഈ ഗവൺമെൻറിൻറെ പിന്നിലുണ്ട്. അതുകൊണ്ടുതന്നെ മൽസ്യത്തൊഴിലാളികളുടേയും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടേയും ഹരിജനങ്ങളുടേയും പിന്നോക്ക വിഭാഗങ്ങളുടേയും ഈ കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും പിൻതുണയോടുകൂടി ഈ സർക്കാർ വീണ്ടും അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്. അതുകൊണ്ട് ഇത്തരം ഇമ്പാച്ചികൾ.....

ശ്രീ. എം. എം. ഹസ്സൻ: ഈ പ്രതിപക്ഷ മെമ്പർമാരിൽ പല ആളുകൾക്കും ഇനി തങ്ങൾ ഇങ്ങോട്ടു വരികയില്ലെന്ന ബോദ്ധ്യമുള്ളതുകൊണ്ടാണ് അവർ നേരത്തേ പോയതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സ്വകാര്യ സംഭാഷണത്തിൽ ഇത് പലരും സമ്മതിക്കുന്നതാണ്. ഇത് മാത്രമല്ല, വേറെ പലതും പറയാറുണ്ട്. ഇന്ന് കഷ്ടകാലത്തിന് വീടില്ലാത്ത പല എം.എൽ.എ. മാരുമുണ്ട്. ഒരു വീടിന് ലോൺപോലും എടുക്കാൻ ഞങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സമ്മതിക്കാത്ത പ്രതിപക്ഷമാണെന്ന് അവർ പറയാറുണ്ട്.. പലരും ഈ അവസരമല്ലാതെ ഇനി ഞങ്ങൾക്ക് കിട്ടാൻ പോകുന്നില്ലെന്ന് ഉറച്ച് വിശ്വസിക്കുന്ന ആളുകളാണ്.

ശ്രീ. എം.എം. ഹസ്സൻ: ബഹുമാനപ്പെട്ട ബേബിജോൺ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു, ക്ഷയരോഗികൾക്ക് മരുന്നിനുള്ള കാശു കൊടുക്കാനില്ലാത്ത ഗവൺമെൻറ് എം.എൽ.എ. മാർക്ക് വീടുവയ്ക്കാൻ മൂന്നുലക്ഷം രൂപ അനുവദിച്ചുവെന്ന്. അതെപ്പറ്റി പ്രതിപക്ഷ മെമ്പർമാരുടെയിടയിൽ ഒരു സംസാരമുണ്ട്—സ്വന്തമായിട്ട് 30 വീടുകളുള്ള കോടീശ്വരനായ ബേബിജോൺ അങ്ങനെ പ്രസംഗിച്ചത് ശരിയായില്ലെന്ന് ചില പ്രതിപക്ഷ അംഗങ്ങൾ പറഞ്ഞിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സർ, പറയാതെ തന്നെ അതൊക്കെ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും അറിയാവുന്നതാണ്. അദ്ദേഹം പറഞ്ഞത് എനിക്ക് ലോൺ വേണമെങ്കിൽ അത് എടുക്കാൻ എനിക്ക് അറിയാമെന്നാണ്. ഏതെല്ലാം എങ്ങനെയൊക്കെ എടുക്കണമെന്നുള്ളത് നന്നായി അറിയാവുന്ന ആളാണ് അദ്ദേഹം. കഴിഞ്ഞ 10—30 കൊല്ല ക്കാലത്തെ അദ്ദേഹത്തിന്റെ പ്രവർത്തനം കൊണ്ട്.....

ശ്രീ. വി. ദിനകരൻ: സി.പി.ഐ. യുടെ നേതാക്കൻമാർക്ക് ഹൗസിംഗ് ബോർഡിന്റെ വകയിൽ തന്നെ, ഈ തിരുവനന്തപുരം സിറ്റിയിൽ (പ്രധാനപ്പെട്ട എല്ലാ നേതാക്കൻമാർക്കും) സ്വന്തമായി വീടുകളുണ്ടെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: അത് എല്ലാവർക്കുമറിയാം. നേതാക്കൻമാരുടെ പേരൊന്നും ഞാൻ പറയുന്നില്ല. അതൊക്കെ ആദർശ മാണ്. ശ്രീ. ബേബിജോണിന്റെ കാര്യം ഇവിടെ പറഞ്ഞു, പ്രൈവറ്റ് മേഖലയിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ കൊടുക്കുന്നതിന് ഏറ്റവും കൂടുതൽ വിമർശിക്കപ്പെട്ട ഒരു ഗവൺമെൻറാണിതെന്ന്. കൂടാതെ പോളിടെക്നിക്ക് കൊടുക്കുന്നതിനെക്കുറിച്ചും പറഞ്ഞു. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് അനിവാര്യമായ ഏതാനും പോളിടെക്നിക്കുകൾ കൊടുക്കുന്നതിനാണ് ഈ ഗവൺമെൻറിനെ വിമർശിച്ചത്. നേരെമറിച്ച് ഇടതുപക്ഷ മുന്നണിയുടെ ഗവൺമെൻറിലിരുന്ന് ഇടതുപക്ഷമുന്നണി യുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ശ്രീ. ബേബി ജോണാണ് ഏറ്റവും കൂടുതൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്വകാര്യ മേഖലയിൽ ഈ സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ടെന്നുള്ളത് സത്യ മാണ്. പക്ഷേ അദ്ദേഹം പറയുന്നതും അദ്ദേഹത്തിന്റെ പ്രവൃത്തിയു മായി യാതൊരു ബന്ധവുമില്ല. ആ കാര്യങ്ങൾ കൂടുതലായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഏതായാലും ശരി ഈ ഗവൺമെൻറ് വർദ്ധിച്ച ജനപിന്തുണയോടുകൂടി തിരിച്ചുവരുമെന്നുള്ള ശുഭാപ്തി വിശ്വാസത്തോടെ, അതിന് ആധാരമായ പ്രവർത്തനങ്ങൾക്ക് തിലകക്കുറി ചാർത്തിയ ഈ മൽസ്യത്തൊഴിലാളി ഭേദഗതി ബില്ലിനെ ഞാൻ അനുകൂലി ക്കുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഞാൻ ഈ ബില്ലിനെ പൂർണ്ണമായും അനുകൂലിക്കുകയാണ്. ശ്രീ. കുഞ്ഞാലിക്കുട്ടി പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ച ഒരു കാര്യം ഒന്നുകൂടി ആവർത്തിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രതിപക്ഷങ്ങൾ, എന്ത് നുണയും പറയാൻ മടിക്കാത്ത, ഈ നിയമസഭപോലും അതിനുള്ള അവസരമാക്കി

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കാൻ മടിക്കാത്ത ഒരു ഗതികേടിലാണ് എത്തിച്ചേർന്നിട്ടുള്ളതെന്നുള്ള വസ്തുത ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കേരള ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ്, മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ രാജിവയ്ക്കണമെന്ന് ഇന്നലെ റിട്ട് ഹർജി വാദം കേട്ട അവസരത്തിൽ ഹൈക്കോടതിയിൽ നിർദ്ദേശിച്ചുവെന്ന്, ഇന്നലെ ഇവിടെ ഗാന്ധിജി സർവ്വകലാശാലയുടെ ബില്ല് ചർച്ചയ്ക്കെടുത്ത അവസരത്തിൽ, അതുമായി ബന്ധപ്പെട്ട് പ്രസംഗിച്ച അവസരത്തിൽ പ്രതിപക്ഷ നേതാക്കൻമാരായ ശ്രീ. ഇ. കെ. നായനാരും, ശ്രീ. ബേബി ജോണും, ശ്രീ. കെ. ചന്ദ്രശേഖരനും, ശ്രീ. ഷൺമുഖദാസും, ശ്രീ. കെ. പി. പ്രഭാകരനുമുൾപ്പെടെയുള്ള ആളുകൾ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു. അപ്പോൾത്തന്നെ ഞാനുൾപ്പെടെ ഭരണകക്ഷിയിൽപ്പെട്ട പല അംഗങ്ങളും അത്തരത്തിലുള്ള പരാമർശമോ, നിർദ്ദേശമോ ഹൈക്കോടതിയിലുണ്ടായിട്ടില്ലെന്ന് നിഷേധിച്ചതാണ്. ഇന്നത്തെ പത്രങ്ങൾ വായിച്ചിട്ടുള്ളവർക്കറിയാം, പ്രതിപക്ഷങ്ങളുടെ പത്രങ്ങളായ ''ജനയുഗത്തിലും'' ''ദേശാഭിമാനിയിലും'' പോലും അത്തരത്തിൽ ഒരു പരാമർശനമുണ്ടായിയെന്ന് അവർ പറഞ്ഞിട്ടില്ല. അത്തരത്തിലുള്ള നിർദ്ദേശമോ, പരാമർശമോ ഹൈക്കോടതിയിൽ ഉണ്ടായിട്ടുള്ളതായി പത്രത്തിൽ പറഞ്ഞിട്ടില്ല. അപ്പോൾ പറയാത്ത കാര്യങ്ങൾ, ഇല്ലാത്ത കാര്യങ്ങൾ നിയമസഭയിൽ പോലും പ്രതിപക്ഷനേതാക്കൻമാർ പലവട്ടം ആവർത്തിച്ച് പറയുക, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക, തെറ്റിദ്ധാരണയുണ്ടാക്കുകയെന്നുള്ള ഒരു പുതിയ പ്രചരണതന്ത്രവുമായിട്ടാണ് ഗതികെട്ട പ്രതിപക്ഷം ഇപ്പോൾ ഇറങ്ങിത്തിരിച്ചിട്ടുള്ളത്. ഈ കാര്യത്തിൽ മാത്രമല്ല, അടുത്ത കാലത്ത് ഈ രാജ്യത്തുണ്ടായ പല സംഭവവികാസങ്ങളിലും ഇതുപോലുള്ള നുണപ്രചരണങ്ങളുമായിട്ടാണ് പ്രതിപക്ഷ കക്ഷികൾ ഇറങ്ങിത്തിരിച്ചിട്ടുള്ളത്. ശ്രീ. കുഞ്ഞാലിക്കുട്ടി സൂചിപ്പിച്ചതുപോലെ ഈ രാജ്യത്തെ ജനങ്ങൾ ഈ കാര്യങ്ങളെക്കുറിച്ചൊക്കെ ബോധവാൻമാരാണ്. ഇത് കേരളമാണ്. ഇവിടത്തെ ജനങ്ങൾക്ക് കാര്യങ്ങളറിയാം. ഇവിടത്തെ ആളുകൾ വിവരമുള്ളവരാണ്. അതുകൊണ്ടുതന്നെ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇതുപോലുള്ള പല പ്രചരണ പരിപാടികളുമായി പ്രതിപക്ഷ കക്ഷികൾ ഇറങ്ങിത്തിരിച്ചെങ്കിലും, അതൊന്നുംതന്നെ ഈ രാജ്യത്തെ ജനങ്ങളുടെയിടയിൽ വിലപ്പോയിട്ടില്ല. ജനങ്ങൾ അതൊക്കെ പുച്ഛിച്ച് പുറംതള്ളുകയാണുണ്ടായിട്ടുള്ളത്, ഇപ്പോൾ തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്നു. ഇല്ലാത്ത കാര്യങ്ങൾ ഉണ്ടെന്ന് പറയുകയും, ഉണ്ടെന്ന് വരുത്തിത്തീർക്കുകയും, തെറ്റിദ്ധാരണ പറഞ്ഞ് പ്രചരിപ്പിക്കുകയും ചെയ്യുകയെന്നുള്ള ഒരു പുതിയ തന്ത്രവുമായിട്ടാണ് പ്രതിപക്ഷ കക്ഷികൾ ഇറങ്ങിത്തിരിച്ചിട്ടുള്ളത്. പക്ഷേ അതൊന്നും ഈ രാജ്യത്തെ ജനങ്ങളുടെയിടയിൽ വിലപ്പോവുകയില്ലെന്ന് തെളിയിക്കാൻ കഴിഞ്ഞ കാലത്തെ നിരവധി അനുഭവങ്ങളുണ്ട്. നിയമസഭയെപ്പോലും തെറ്റിദ്ധരിപ്പിക്കത്തക്ക രീതിയിൽ ഇന്നലെ നിയമസഭയിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞത് റിക്കാർഡുകൾ പരിശോധിച്ചാൽ കാണാൻ കഴിയുന്നതാണ്. ഇല്ലാത്ത കാര്യങ്ങൾ പോലും ആവർത്തിച്ചാവർത്തിച്ച് ഉണ്ടെന്ന് പറയുകയും, തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കുകയും ചെയ്യുന്ന ഈ രീതി വളരെ അപലപനീയവും, തെറ്റുമാണ്. വാസ്തവത്തിൽ അതൊക്കെ രേഖയിൽ നിന്ന് മാറ്റേണ്ടതാണ്, ഒരിക്കലും, ഉണ്ടായിട്ടില്ലാത്ത കാര്യങ്ങൾ ഉണ്ടെന്നുപറഞ്ഞത് രേഖയിൽനിന്ന് നീക്കം ചെയ്യേണ്ടതാണ്. സർ, ദീർഘമായി മറ്റു കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. ഏതായാലും നല്ല ഉദ്ദേശത്തോടുകൂടി, പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തെ ഉദ്ദേശിച്ചുകൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ പൂർണ്ണമായും ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ടി. എസ്. ജോൺ: സർ, ഞാൻ ഈ നിയമത്തെ അനുകൂലിക്കുകയാണ്. നമ്മുടെ രാജ്യത്തെ മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ ഗുണം ചെയ്ത ഒരു ഗവൺമെന്റാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. കഴിഞ്ഞ നാലര വർഷക്കാലംകൊണ്ട് മത്സ്യത്തൊഴിലാളി മേഖലകളിലെല്ലാം ഒരു ഉണർവ്വുണ്ടാക്കുകയും അവരുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി കഴിവുള്ളതെല്ലാം ചെയ്യുകയും ചെയ്തു. വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് വീട്, തൊഴിലില്ലാത്തവർക്ക് തൊഴിൽ, അതുപോലെ തന്നെ റോഡില്ലാത്ത പ്രദേശങ്ങളിൽ റോഡ്, വലയില്ലാത്തവർക്ക് വല, ബോട്ടില്ലാത്തവർക്ക് ബോട്ട് എന്നുവേണ്ട എല്ലാ മേഖലകളിലും അങ്ങേയറ്റത്തെ പുരോഗതി കൈവരിക്കുന്നതിനുവേണ്ടിയുള്ള ശ്രമം ഈ ഗവൺമെന്റ് നടത്തിയിരിക്കുകയാണ്. അതുപോലെ തന്നെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് കൊടുക്കുന്ന ഒരു നടപടി ഈ ഗവൺമെന്റ് ചെയ്ത ഏറ്റവും വലിയ ഒരു നേട്ടമായി ഞാൻ കാണുന്നു. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് അവരുടെ ആശാകേന്ദ്രമാണെന്ന് മത്സ്യത്തൊഴിലാളിമേഖലകളിൽ ചെന്ന് നോക്കിയാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ അടുത്ത 5 വർഷക്കാലത്തിനകം 82 കോടി രൂപയുടെ സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നമ്മുടെ മത്സ്യത്തൊഴിലാളി മേഖലകളിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നു. അങ്ങനെ മത്സ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾക്ക്, ക്ലേശങ്ങൾക്ക് കഴിവുള്ളിടത്തോളം പരിഹാരം കണ്ടെത്താൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ് ഇന്ന് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. വെൽഫയർ സൊസൈറ്റികളിൽ തിരഞ്ഞെടുപ്പ് നടത്തുന്നില്ലെന്നുള്ള ആരോപണമാണ് പ്രതിപക്ഷത്തുനിന്ന് മുഴങ്ങികേൾക്കുന്നത്. എത്രയും വേഗം ലിസ്റ്റ് പൂർത്തീകരിക്കുകയും ജനാധിപത്യ മര്യാദപ്രകാരം തിരഞ്ഞെടുപ്പ് നടത്തുകയും വേണം. അതോടൊപ്പംതന്നെ നല്ല കമ്മിറ്റികളുണ്ടാക്കുകയും ഇവരുടെ എല്ലാവിധ ബുദ്ധിമുട്ടുകൾക്കും പരിഹാരം കണ്ടെത്താനുള്ള ശ്രമം തുടർന്ന് നടത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി. സീതിഹാജി: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും ദുർബ്ബലമായ ഒരു തൊഴിലാളി വർഗ്ഗത്തിന് ക്ഷേമം നൽകുന്ന ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കാനോ ഇതിന്റെ പോരായ്മകളെയോ കോട്ടങ്ങളെയോ നേട്ടങ്ങളെയോ പറ്റി പറയാനോ, യാതൊരു ഉത്തരവാദിത്വവും ഇല്ലാതെ നമ്മുടെ പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്കരിച്ചുപോകുന്നത് ഓർത്ത് നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെയൊരു ഗതികേട് വന്നതിൽ ഞാൻ ദുഃഖിക്കുകയാണ്. ഇന്നലെ അതിപ്രധാനമായ ആറേഴു ബില്ലുകൾ പാസ്സായി. ഇങ്ങനെ ദോശ ചുട്ടെടുക്കുന്നതുപോലെ ബില്ലുകൾ പാസ്സാക്കിയെടുക്കുന്നതിൽ ഞങ്ങൾക്ക് ഒട്ടും താൽപ്പര്യമില്ല. ഞങ്ങൾക്ക് ഈ ബില്ല് ചർച്ച ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ നേട്ടങ്ങളും കോട്ടങ്ങളും ചർച്ച ചെയ്തു പാസ്സാക്കണമെന്നാണു് ആഗ്രഹം. ഈ രാജ്യത്തു് നിയമം ഉണ്ടാക്കുമ്പോൾ അതിൽ പങ്കെടുക്കാതെ, പ്രതിപക്ഷം സഭയുടെ മുന്നിൽനിന്നു് കാട്ടിക്കൂട്ടിയ പോക്കിരിത്തരങ്ങൾ കണ്ടാൽ അടുത്ത തിരഞ്ഞെടുപ്പിൽ അവർക്കു് നോമിനേഷൻ കൊടുക്കാനുള്ള ഗതികേടുപോലും ഉണ്ടാകുകയില്ലെന്നാണു് എന്റെ വിശ്വാസം. ഞങ്ങൾ വെല്ലുവിളിക്കുകയാണു്. ഈ പ്രതിപക്ഷം ഒരു ദിവസം അടിയന്തിരപ്രമേയം കൊണ്ടുവന്നു, രാജി, രാജി. ഇവിടെ ബാലകൃഷ്ണപിള്ളയും കരുണാകരനും രാജിവയ്ക്കണമെന്നാണു് പറയുന്നതു്. മദിരാശിയിൽ എന്താ അവർ പറയാത്തതു്? അവിടെ ബഹുമാനപ്പെട്ട സ്പീക്കർ 7 മെമ്പർമാർക്കു് അയോഗ്യത കൽപ്പിച്ചു. അതിന്റെ പേരിൽ സി. പി. ഐ. ക്കാരും സി. പി. എം. കാരും ഞങ്ങളുടെ കൂടെ, "മുസ്ലീം ലീഗുകാരോടു് ഇറങ്ങിപ്പോയിരിക്കുകയാണു്. അവിടെയും ഇവിടെയും അക്കാര്യത്തിൽ ഞങ്ങൾക്കു് ഒരേ സ്റ്റാന്റാണു് തന്നെയാണു് ഉള്ളതു്" . . . ഇപ്പോൾ 2 ദിവസം കൊണ്ടു് ഇവിടെ പ്രതിപക്ഷ ബഞ്ചുകൾ ഒഴിഞ്ഞുകിടക്കുകയാണു്. അതിൽ ഈ സർക്കാരിനു് എന്തു് നഷ്ടം ഉണ്ടു്! അവർ ഒരു കാര്യം ചെയ്യണം. ഇന്നലെയും ഇന്നും വാങ്ങിയ ടി. എ., തിരിച്ചു് വീട്ടിലേയ്ക്കു് പോകാനുള്ള ടി. എ. ഇതെല്ലാം ഇവിടെ തിരിച്ചു കൊടുക്കണം. പാവപ്പെട്ട ജനങ്ങളുടെ പിച്ചച്ചട്ടിയിൽനിന്നു് നികുതിപ്പണമായിട്ടു് എടുത്തതാണു് അതു്. ഇവിടെ മുദ്രാവാക്യം വിളിക്കാനല്ല അവരെ പറഞ്ഞയച്ചതു്. ഇവിടെ ബില്ലിന്റെ പോരായ്മകളാണു് വിമർശിക്കേണ്ടതു്. അതൊന്നും പറയാനില്ല, അതാണു് ഇറങ്ങിപ്പോയതു്. നാലര കൊല്ലക്കാലം കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റു് ഞങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞ എല്ലാ കാര്യങ്ങളും നടപ്പാക്കിയിട്ടുണ്ടു്. ഇനി അതിനെ എതിർക്കാൻ നിർവ്വാഹമില്ലാത്തതിന്റെ പേരിൽ, ചില സ്ത്രീകളും ഭർത്താക്കൻമാരോടു് പിണങ്ങിപോകുന്നതു പോലെ ഇറങ്ങിപ്പോയിരിക്കുകയാണു്, യാതൊരു ഉത്തരവാദിത്വവുമില്ലാതെ. 2 ദിവസമായി യാതൊരു ചർച്ചയുമില്ലാതെ നിയമങ്ങൾ പാസ്സായിപ്പോകുന്നു. ഞാൻ നിർത്തുകയാണു്. എന്തായാലും ദുർബല വിഭാഗങ്ങൾക്കുവേണ്ടി കൊണ്ടുവന്ന ഈ ബില്ലിന്റെ ചർച്ചയിൽ പോലും പ്രതിപക്ഷം പങ്കെടുക്കാത്തതിൽ ഞങ്ങൾക്കു് ദുഃഖമുണ്ടു്. ഈ ബില്ലിനോടു് പരിപൂർണ്ണമായി ഞാൻ യോജിക്കുകയാണു്.

IX. സന്ദർശക ഗ്യാലറിയിൽ മുദ്രാവാക്യം മുഴക്കിയ പ്രശ്നത്തിൻമേലുള്ള തീരുമാനം

മി. സ്പീക്കർ: ഇന്നു് ഉച്ചയ്ക്കു് 4.10-നു് പബ്ലിക് ഗ്യാലറിയിൽ സന്നിഹിതനായിരുന്ന ശ്രീ. ജയിംസ് സോമൻ എന്ന ആൾ മുദ്രാവാക്യം മുഴക്കി സഭാനടപടികൾക്കു് തടസ്സം സൃഷ്ടിച്ചതു് സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുമല്ലോ. ബഹുമാനപ്പെട്ട കക്ഷിനേതാക്കൻമാർ സംബന്ധിച്ചിരുന്ന യോഗത്തിൽ ടിയാനെ ഹാജരാക്കുകയുണ്ടായി. സഭാനടപടികൾ അലങ്കോലപ്പെടുത്താൻ ശ്രമിച്ചതു് ഗുരുതരമായ അവകാശലംഘനമാണെന്നും ടിയാനു് ഇന്നു് സഭ പിരിയുന്നതുവരെ തടവുശിക്ഷ നൽകണമെന്നും തീരുമാനിച്ചു. ദയവായി ഈ വ്യക്തിയുടെ പേരും മറ്റു വിശദാംശങ്ങളും പത്രങ്ങളിൽ പ്രസിദ്ധീകരിക്കരുതെന്നു് അഭ്യർത്ഥിക്കുകയാണു്. നിയമസഭാ ഗ്യാലറിയിൽ വന്നു് ബഹളമുണ്ടാക്കുകയെന്നതു് ഒരു സ്ഥിരം സമരമാർഗ്ഗമായി ഒരിക്കലും പ്രോത്സാഹിപ്പിക്കാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly